# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5990** — **07-07-2014 ൽ മറുപടിയ്ക്ക്**

## ചെമ്മീൻകെട്ടും പൊക്കാളി നെൽക്കൃഷിയും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.അജിത് | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചെമ്മീൻ കെട്ടുകളായി ഉപയോഗിക്കുന്ന പാടശേഖരങ്ങളിൽ 6 മാസം കൂടി പൊക്കാളി കൃഷി ചെയ്യണമെന്ന് ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) യും (ബി) യും | സംസ്ഥാനത്ത് ചെമ്മീൻ കെട്ടുകളായി ഉപയോഗിക്കുന്ന പാടശേഖരങ്ങളിൽ 6 മാസം കൂടി പൊക്കാളി കൃഷി ചെയ്യണമെന്ന് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിലെ 16 ാം ചട്ടത്തിൽ അക്വാകൾച്ചറും പൊക്കാളി കൃഷിയും മാറി മാറി ചെയ്യുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത 16 ാം ചട്ടത്തിലെ 6 ാം ചട്ടത്തിന്റെ ക്ലിപ്ത നിബന്ധനപ്രകാരം നവംബർ മാസം 15 മുതൽ അടുത്ത വർഷം ഏപ്രിൽ 30 വരെയാണ് അക്വാകൾച്ചറിനായുള്ള സീസൺകെട്ട് ലൈസൻസിന്റെ കാലാവധി. അതു കഴിഞ്ഞു വരുന്ന കാലയളവിൽ പൊക്കാളി കൃഷിയാണ് ചെയ്യുന്നത്. |
| (ബി) | പ്രസ്തുത ഉത്തരവ് പാലിക്കുന്നതായി ഉറപ്പുവരുത്തിയിട്ടുണ്ടോ; | | |
| (സി) | ഇതിനായി നിർമ്മിച്ച ബണ്ടുകൾ മുറിച്ചു മാറ്റിയതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇതിന്റെ ഉത്തരവാദികൾ ആരെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ; | (ഡി) | ബാധകമല്ല |
| (ഇ) | പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട ഭൂമി മാഫിയയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നുണ്ടോ? | (ഇ) | ബാധകമല്ല |

സെക്ഷൻ ഓഫീസർ